GOVERNMENT OF KERALA

Office of the
**COMMISSIONER FOR ENTRANCE EXAMINATIONS**
Housing Board Buildings, Santhi Nagar
Thiruvananthapuram – 695 001

Telephone : 0471 - 2332120
: 0471 - 2338487
Fax : 0471 - 2337228
E-mail : ceekinfo@cee.kerala.gov.in
Website : cee-kerala.org

നമ്പർ.CEE/3737/2012/KEAM-2013/TA1

# പത്രക്കുറിപ്പ്

## MBBS/BDS പ്രവേശനത്തിന് നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് NEET (UG) എഴുതണം

കേരളത്തിൽ MBBS/BDS പ്രവേശനം 2013 മുതൽ ദേശീയ തലത്തിൽ CBSE നടത്തുന്ന നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റിന്റെ (NEET(UG)) അടിസ്ഥാനത്തിലായിരിക്കും. MBBS/BDS കോഴ്സുകളിലേക്ക് പ്രവേശനം ലഭിക്കുന്നതിന് NEET (UG) യിൽ പങ്കെടുക്കുകയും നിഷ്ക്കർഷിച്ചിട്ടുള്ള മിനിമം യോഗ്യതാ മാർക്ക് നേടിയിരിക്കുകയും ചെയ്യണം.

സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലേക്ക് നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അഡ്മിഷൻ നടത്താനുള്ള അധികാരം പ്രവേശന പരിക്ഷാ കമ്മീഷണർക്ക് നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്.

MBBS/BDS കോഴ്സിന് പ്രവേശനം തേടുന്ന എല്ലാ അപേക്ഷകരും NEET (UG) യ്ക്ക് അപേക്ഷിക്കുന്നതോടൊപ്പം, പ്രസ്തുത കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റിനായി പ്രവേശന പരീക്ഷാ കമ്മീഷണർക്കും അപേക്ഷ യഥാസമയം സമർപ്പിക്കേണ്ടതാണ്. ഈ അപേക്ഷയോടൊപ്പം NEET (UG) യുടെ അപേക്ഷാ നമ്പരും, CBSE യുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ലഭിക്കുന്ന കൺഫർമേഷൻ പേജിന്റെ പകർപ്പും, മറ്റു ലഭ്യമായ വിവരങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

MBBS/BDS കോഴ്സുകൾ ഒഴികെയുള്ള മറ്റു കോഴ്സുകളിലേക്കുള്ള പ്രവേശനപരീക്ഷയിൽ പങ്കെടുക്കുന്നതിനും, NEET (UG) യുടെ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ MBBS/BDS കോഴ്സുകൾക്ക് കേരളത്തിലെ അലോട്ട്മെന്റിനായി പരിഗണിക്കുന്നതിനും വേണ്ടി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒരു അപേക്ഷ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ.

NEET (UG)-2013 റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ MBBS/BDS കോഴ്സുകളിലേക്ക് മാത്രമായി ഒരു പ്രത്യേക ഓൺലൈൻ അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതായിരിക്കും. കേരള സംസ്ഥാനത്തിനുവേണ്ടി CBSE തയ്യാറാക്കുന്ന NEET (UG) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ മാത്രമേ MBBS/BDS പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ. അത്തരം വിദ്യാർത്ഥികൾ KEAM-2013 പ്രോസ്പെക്ടസ് പ്രകാരമുള്ള നേറ്റിവിറ്റി തെളിയിക്കേണ്ടതാണ്.

കേരളീയൻ എന്ന നിലയ്ക്ക് NEET (UG) -യ്ക്ക് അപേക്ഷ സമർപ്പിക്കുന്ന MBBS/BDS കോഴ്സുകളിലേക്കുള്ള അപേക്ഷകർ സമുദായ സംവരണം ആവശ്യപ്പെടുന്ന പക്ഷം വരുമാനം, സമുദായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം യഥാസമയം നൽകേണ്ടതാണ്.

തിരുവനന്തപുരം
22.11.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**